# കേരളസർവകലാശാല

നം.പി.ആർ.12/2021

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2020 മാർച്ചിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി. സൈക്കോളജി, എം.എസ്.സി. കൗൺസിലിംഗ് സൈക്കോളജി പരീക്ഷകളുടെ പ്രാക്ടിക്കൽ ജനുവരി 18 മുതൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സൂക്ഷ്മപരിശോധന

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ ബി.ടെക്. റെഗുലർ (യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം) ജനുവരി 2020 (2018 സ്കീം) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ. ഡി. കാർഡും ഹാൾടിക്കറ്റുമായി കേരളസർവകലാശാല പാളയം ക്യാമ്പസിലെ റീവാല്യുവേഷൻ സെക്ഷനിൽ (ഇ.ജെ VII-ഏഴ്) ജനുവരി 18, 19, 20 തീയതികളിൽ ഹാജരാകേണ്ടതാണ്.

### ബി.എച്ച്.എം.സി.റ്റി. കോഴ്സിന് അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ലൂർദ് മാതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി കുറ്റിച്ചൽ, തിരുവനന്തപുരം, സ്നേഹാചാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി കരുവാറ്റ, ആലപ്പുഴ, ശ്രീനാരായണഗുരു മെമ്മോറിയൽ കാറ്ററിംഗ് കോളേജ് തുറവൂർ, ആലപ്പുഴ എന്നീ കോളേജുകളിലെ 2020-2021 അദ്ധ്യയന വർഷത്തിൽ ഒന്നാം വർഷ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി ഡിഗ്രി കോഴ്സിലേക്ക് പ്രവേശനത്തിനായി അപേക്ഷകൾ സ്വീകരിക്കുന്നു. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ജനുവരി 25. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എ./ബി.എസ്.സി./ബി.കോം. (റെഗുലർ 2019 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് 2018 അഡ്മിഷൻ, 2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി, 2013 അഡ്മിഷൻ മേഴ്സിചാൻസ്) പരീക്ഷകൾക്ക് പിഴകൂടാതെ ജനുവരി 19 വരെ ഫീസടയ്ക്കാനുള്ള തീയതി ദീർഘിപ്പിച്ചിരിക്കുന്നു. 150 രൂപ പിഴയോടെ ജനുവരി 21 വരെയും 400 രൂപ പിഴയോടെ ജനുവരി 23 വരെയും അപേക്ഷിക്കാം.

# ലൈബ്രറി അസിസ്റ്റന്റ് – അപേക്ഷാതീയതി നീട്ടി

കേരളസർവകലാശാലയുടെ കീഴിലുള്ള യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ കരാർ അടിസ്ഥാനത്തിൽ ലൈബ്രറി അസിസ്റ്റന്റിനെ നിയമിക്കുന്നു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2021 ജനുവരി 22 വൈകിട്ട് 5 മണി വരെ നീട്ടിയിരിക്കുന്നു.

തിരുവനന്തപുരം.
16.01.2021

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 9188526670, 9188526671, 9188526674, 9188526675